**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2631** **04-03-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ഉല്പാദനത്തിലുണ്ടായ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആഭ്യന്തര വൈദ്യുതി ഉല്പാദനത്തിൽ എത്ര മെഗാവാട്ടിന്റെ വർദ്ധനയുണ്ടായിട്ടുണ്ട്; വിശദമാക്കാമോ; | (എ) | നിലവിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദന ശേഷി 4347.8 MW ആണ്. ഇതിൽത്തന്നെ ഉദ്ദേശം 1516.02 MW ശേഷി സോളാർ നിലയങ്ങളുടേതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആകെ 1360.75 MW ഉത്പാദന ശേഷി കൂട്ടിച്ചേർക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ ജലവൈദ്യുത പദ്ധതി മുഖേന എത്ര മെഗാവാട്ടിന്റെ വർദ്ധനയുണ്ടായിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ ആഭ്യന്തര ഉല്പാദനത്തിൽ ജല വൈദ്യുത പദ്ധതികൾ മുഖേന 132 മെഗാവാട്ടിന്റെ വർദ്ധന ഉണ്ടായിട്ടുണ്ട്. അപ്പർ കല്ലാർ (2 മെഗാവാട്ട്), പൊരിങ്ങൽക്കുത്ത് (24 മെഗാവാട്ട്), പെരുവണ്ണാമുഴി (6 മെഗാവാട്ട്), തൊട്ടിയാർ (40 മെഗാവാട്ട്), പള്ളിവാസൽ വിപുലീകരണ പദ്ധതി (60 മെഗാവാട്ട് - കൊമേർഷ്യൽ ഓപ്പറേഷൻ നടന്നു വരുന്നു) എന്നിവയാണ് പൂർത്തിയാക്കിയ പദ്ധതികൾ. |
| (സി) | സൗരോർജ്ജ നിലയങ്ങൾ വഴി എത്ര മെഗാവാട്ടിന്റെ വർദ്ധനയുണ്ടായിട്ടുണ്ട്; വിശദമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സൗരോർജ്ജ വൈദ്യുതി ഉല്പാദനത്തിൽ 31.01.2025 വരെ 1218 MW ന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>ഇതിൽ അഗളി (1 MW), കഞ്ചിക്കോട് (3 MW), ബ്രഹ്മപുരം (2.75 MW) എന്നിവിടങ്ങളിൽ വൈദ്യുതി ബോർഡ് തനതു ഫണ്ടുപയോഗിച്ച് കമ്മീഷൻ ചെയ്ത<br><br>ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും തദ്ദേശസ്ഥാപനങ്ങൾ മറ്റു സർക്കാർ വകുപ്പുകൾ എന്നിവർ മുതൽമുടക്കി കെഎസ്ഇബിഎൽ നടപ്പിലാക്കിയ 2.4 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികളും ഉൾപ്പെടുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അനേർട്ട് മുഖേന ആകെ 31.4 മെഗാ വാട്ട് ശേഷിയുള്ള സോളാർപവർ പ്ലാന്റുകൾ സ്ഥാപിച്ചു.<br><br>ഡെപ്പോസിറ്റ് വർക്ക്– ആകെ 7.2605 MW |

| | | | |
|---|---|---|---|
| | | | സോളാർ സിറ്റി പദ്ധതി – ആകെ 17.063 MW<br><br>ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി –ആകെ 7.137 MW |
| (ഡി) | കെ.എസ്.ഇ.ബി. മുഖേന സൗര പദ്ധതിയിലൂടെ പുരപ്പുറങ്ങളിലായി എത്ര മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, കെഎസ്ഇബിഎൽ മുഖേന നടപ്പിലാക്കിയ സൗര പദ്ധതിയിൽ നിന്നും 48641 സൗരോർജ്ജ നിലയങ്ങൾ വഴി 198.85 MW സ്ഥാപിത ശേഷി കൈവരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ